*No. 007/2009/CL  Dated: 19.11.2009*          *Latin Archdiocese of Trivandrum, Vellayambalam*

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

വന്ദ്യവൈദികരേ, പ്രിയമക്കളെ,

ഡിസംബർ മാസം മൂന്നാം തിയതി വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച കേരളത്തിലെ പതിനൊന്നു ലത്തീൻ രൂപതകളും സമുദായദിനമായി ആചരിച്ചു വരികയാണല്ലോ. ഇതോടനുബന്ധിച്ച് കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി KRLCC-യുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിലിന്റെ ലേഖനങ്ങളാണ് നാം ദേവാലയങ്ങളിൽ വായിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ ഒക്ടോബർ മാസം 26-ാം തിയതി അദ്ദേഹം അപ്രതീക്ഷിതമായി നമ്മോടെല്ലാം വിടചൊല്ലി ദൈവസന്നിധിയിലേയ്ക്ക് യാത്രയായി. തികച്ചും സമാധാനപരവും എല്ലാംകൊണ്ടും അനുഗ്രഹീതവും സുന്ദരവുമായിരുന്നു അദ്ദേഹത്തിന്റെ മരണം. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ പരിശുദ്ധ പിതാവും, കർമ്മലീത്താ സഭയുടെ ജനറലും, മുഖ്യമന്ത്രിയടക്കമുള്ള നിരവധി പ്രമുഖ വ്യക്തികളും അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള സന്ദേശങ്ങൾ അറിയിച്ചിരുന്നു. ഭാരതകത്തോലിക്ക മെത്രാൻ സമിതിയുടെ അദ്ധ്യക്ഷൻ അത്യുത കർദ്ദിനാൾ വർക്കി വിതയത്തിലും, ഭാരത ലത്തീൻ കത്തോലിക്കമെത്രാൻസമിതിയുടെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസും നിരവധി വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും സന്യസ്തരും പതിനായിരക്കണക്കിനു ജനങ്ങളും അദ്ദേഹത്തിന്റെ മൃതസംസ്ക്കാര ചടങ്ങുകളിൽ സന്നിഹിതരായിരുന്നു. സംസ്ഥാന ബഹുമതികളോടുകൂടിയാണ് അദ്ദേഹത്തെ സംസ്ക്കരിച്ചത്. സഭയ്ക്കും സമൂഹത്തിനും, പ്രത്യേകിച്ച് ലത്തീൻ കത്തോലിക്ക സമുദായത്തിനും അദ്ദേഹംചെയ്ത നിസ്തുലമായ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ നമുക്കും ആദരാഞ്ജലികൾ അർപ്പിക്കാം.

സമുദായദിനം ആചരിക്കുന്ന ഈ അവസരത്തിൽ ലത്തീൻ സഭയുടെയും സമുദായത്തിന്റെയും പുരോഗതിയ്ക്കായി അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ നേതൃത്വത്തിൽ സമാരംഭിച്ച സംരംഭങ്ങളെയെല്ലാം ഒന്നുകൂടി സജീവമാക്കാനും ശക്തിപ്പെടുത്തുവാനും നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

## 1. കേരളത്തിലെ ലത്തീൻ സഭയ്ക്ക് ഒരു ഏകോപനസമിതി

അഭിവന്ദ്യ ഡാനിയേൽ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായി രൂപംകൊണ്ടതാണ് കെ.ആർ.എൽ.സി.സി. എന്ന ഏകോപന സമിതി. സഭാ സംബന്ധമായ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും പ്രതിനിധികളടങ്ങുന്ന ഒരു സമിതിയുമായി ആലോചിച്ചതിനുശേഷമായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അതിന്റെ ഫലമായിട്ടാണ് അല്മായർക്ക് ഭൂരിപക്ഷമുള്ള ഈ ഏകോപനസമിതിയ്ക്ക് തുടക്കം കുറിച്ചത്.

- ഇനിയും ബഹുദൂരം മുന്നോട്ടുപോകാനുണ്ടെങ്കിലും ഈ ഏകോപന സമിതിയുടെ പ്രവർത്തനഫലമായി കേരളത്തിലെ പതിനൊന്നു രൂപതകളിലായി ചിതറിക്കിടന്ന ഇരുപതുലക്ഷത്തോളം ലത്തീൻ കത്തോലിക്കർക്ക് ഒരുപരിധിവരെ കെട്ടുറപ്പും ഭദ്രതയും കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.
- സംവരണത്തിന്റെ കാര്യത്തിലായാലും സ്വാശ്രയവിഷയത്തിലായാലും ഒരു ന്യൂനപക്ഷ പിന്നോക്കസമുദായമെന്ന നിലയിൽ എല്ലാവശങ്ങളെയും കുറിച്ച് വിശകലനം ചെയ്തശേഷം ചില ഉറച്ച നിലപാടുകളെടുക്കാൻ സാധിച്ചത് കെ.ആർ.എൽ.സി.സി.-യുടെ ഒരു നേട്ടമാണ്.
- വിശ്വാസത്തിനു മുൻതൂക്കം കൊടുത്തുകൊണ്ടുതന്നെ വലതുപക്ഷമെന്നോ ഇടതുപക്ഷമെന്നോ നോക്കാതെ ഒത്തൊരുമിച്ച് സമുദായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾ ഈ ഏകോപനസമിതിയുടെ പ്രവർത്തന ഫലമാണ്.
- മത്സ്യമേഖലയിലും, തോട്ടം കെട്ടിട നിർമ്മാണം തുടങ്ങിയമേഖലകളിലും തൊഴിലാളികൾക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരമാർഗ്ഗങ്ങൾ ആരായുവാനും ഈ സമിതി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.
- എല്ലാ സമുദായങ്ങളെയുംപോലെ ലത്തീൻ സമുദായവും രാഷ്ട്രീയത്തിൽ ഇടപെടേണ്ടതായിട്ടുണ്ട്. ഇവിടെ മുൻപന്തിയിൽ നില്ക്കേണ്ടത് അല്മായരാണ്. ഇതിനുവേണ്ടിയാണ് KLCA, CSS, KCYM, DCMS തുടങ്ങിയ അല്മായ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് അല്മായ കമ്മീഷൻ നാം രൂപീകരിച്ചത്. ആംഗ്ലോ ഇൻഡ്യൻസ് പോലുള്ള പലവിഭാഗങ്ങളും ഇനിയും അല്മായ കമ്മീഷനിൽ ഉൾച്ചേരാനുണ്ട്.

നമ്മുടെ രാഷ്ട്രീയ നയം പലപ്പോഴും കുറെയേറെ തെറ്റിദ്ധാരണകൾക്ക് ഇടയായിട്ടുണ്ട്. വിഭജിച്ചു ഭരിക്കാൻ ശ്രമിക്കുവർക്ക് ലത്തീൻ സമുദായം ഒരു ശക്തിയായി സംഘടിച്ചു കാണുന്നത് സഹിക്കാനാവില്ലല്ലോ. ഈ രാഷ്ട്രീയനയം യഥാർത്ഥത്തിൽ എന്താണെന്നു സമുദായ അംഗങ്ങൾ തന്നെ നല്ലൊരുഭാഗവും ഇനിയും മനസ്സിലാക്കിയിട്ടില്ല. തങ്ങളുടേതായ പാർട്ടികളോടുള്ള വിധേയത്വവും താല്പര്യവും നിമിത്തം ലത്തീൻ സമുദായത്തിന് തനതായ ഒരു രാഷ്ട്രീയനയം പാടില്ല എന്ന മുൻവിധി വച്ചുപുലർത്തുന്ന സമുദായംഗങ്ങളായ രാഷ്ട്രീയ പ്രവർത്തകർ തന്നെയുണ്ട്. ഒരു പിന്നോക്ക സമുദായമെന്ന നിലയിൽ ദേശീയ രാഷ്ട്രീയത്തിൽ രൂപപ്പെടുന്ന "പിന്നോക്ക രാഷ്ട്രീയ രൂപീകരണം" നമ്മുടെ ആഴമായ പഠനത്തിന് വിധേയമാകേണ്ടിയിരിക്കുന്നു.

2. **ജീവനാദം**

മാദ്ധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ആഴമായ അവബോധമുള്ള വ്യക്തിയായിരുന്നു അഭിവന്ദ്യ ഡാനിയേൽ പിതാവ്. തുടക്കത്തിൽ ഒരു വാരികയെങ്കിലും കൂടാതെ ലത്തീൻ സമുദായംഗങ്ങളെ ബോധവല്ക്കരിക്കാനോ സമുദായംഗങ്ങളുടെ സഹകരണം ഉറപ്പുവരുത്തുവാനോ സമുദായത്തിന്റെ പുരോഗതിയ്ക്കായി പരിപാടികൾ ആസൂത്രണംചെയ്തു നടപ്പിലാക്കുവാനോ സാധിക്കുകയില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഈ അവബോധമാണ് "ജീവനാദം" എന്ന പേരിൽ ലത്തീൻ സമുദായത്തിനായി ഒരു വാരിക തുടങ്ങാൻ കാരണമായിത്തീർന്നത്. സാമാന്യം നല്ല നിലവാരം പുലർത്തുന്ന ഒരു വാരികയാണിത്. സമുദായസ്നേഹം വളർത്താനും സമുദായത്തിന്റെ ന്യായമായ അവകാശങ്ങളെയും ആവശ്യങ്ങളെയുംക്കുറിച്ചുള്ള അറിവു പകർന്നുകൊടുക്കുവാനും സഹായിക്കുന്ന ഒരു മാദ്ധ്യമമാണ് "ജീവനാദം". ഈ വാരിക നാളെ ഒരു ദിനപത്രമായി നമ്മുടെ എല്ലാ ഭവനങ്ങളിലുമെത്തുന്ന ഒരു ദിവസം നാം സ്വപ്നം കാണുകയാണ്. സമുദായാംഗങ്ങളെല്ലാം അല്പം ത്യാഗം സഹിക്കാൻ സന്നദ്ധരായാൽ സാധിക്കുന്ന കാര്യമേയുള്ളൂ.

3. "ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയ നീതി"

കഴിഞ്ഞ ഒരു വർഷമായി ഡാനിയേൽ പിതാവിന്റെ നേതൃത്വത്തിൽ കെ.ആർ.എൽ.സി.സി. യിലും പതിനൊന്നു രൂപതകളിലെ മിക്കവാറും എല്ലാ വേദികളിലും തുടർച്ചയായി നാം അവതരിപ്പിക്കുകയും ഇന്നും ചർച്ച ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു വിഷയമാണ് "ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയനീതി".

ലത്തീൻ സമുദായത്തിന് വിവിധരംഗങ്ങളിൽ നീതി നിഷേധിക്കപ്പെടുന്നു എന്ന് നാം പലപ്പോഴും മുറവിളികൂട്ടാറുണ്ട്. എന്നാൽ നീതി ഉറപ്പാക്കാൻ സഹായിക്കുന്ന പലവേദികളും നാം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താറില്ല എന്നതാണ് പരമാർത്ഥം. ഇപ്രകാരമുള്ള വേദികളിലൊന്നാണ് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക അസമത്വങ്ങൾ ഉന്മൂലനം ചെയ്യുക, പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും കാഠിന്യം കുറയ്ക്കുക, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, അവസരസമത്വങ്ങൾ, നീതിനിഷേധിക്കൽ, അരാജകത്വം എന്നിവയ്ക്ക് പരിഹാരം കാണുക, സാമ്പത്തിക വളർച്ചയും മാനവശേഷി വികാസവും ഉറപ്പുവരുത്തുക തുടങ്ങിയവയാണ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ലക്ഷ്യം. അധികാരം വികേന്ദ്രീകരിച്ച് സജീവമായ ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന സംവിധാനമാണിത്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫലപ്രദമായ പ്രവർത്തനങ്ങൾക്കും വിജയത്തിനും ഏറ്റവുമധികം ആവശ്യമായിരിക്കുന്നത് സജീവമായ ജനപങ്കാളിത്തമാണ്. ആസൂത്രണത്തിലും വികസനത്തിലും നയതീരുമാനങ്ങളെടുക്കുന്നതിലും അവയുടെ നടത്തിപ്പിലും നിയന്ത്രണത്തിലും വിലയിരുത്തലിലുമൊക്കെ ഭരണഘടനതന്നെ ഉറപ്പുനല്കുന്ന നേരിട്ടുള്ള പങ്കാളിത്തമാണ് ജനങ്ങൾക്കുള്ളത്. പഞ്ചായത്തിലെ ഗ്രാമസഭകളിലൂടെയും, മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിലെ വാർഡു സഭകളിലൂടെയും, വാർഡ് കമ്മിറ്റികളിലൂടെയുമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മൂന്നുമാസത്തിലൊരിക്കൽ കൂടുന്ന ഈ ഗ്രാമ/വാർഡു സഭകളിൽ അതാതുപ്രദേശത്തുള്ള ജനങ്ങൾതന്നെയാണ് ആ പ്രദേശത്തിനിണങ്ങിയതും പ്രദേശവാസികളുടെ പ്രശ്നപരിഹാരത്തിനനുസൃതവുമായ പദ്ധതികൾക്ക് വേണ്ടവിവരങ്ങളും നിർദ്ദേശങ്ങളും കൂട്ടായ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും രൂപപ്പെടുത്തി എടുക്കുന്നത്. ഒപ്പം പദ്ധതികളുടെ ഫലം ലഭ്യമാകേണ്ട ഗുണഭോക്താക്കളുടെ പട്ടികയും അന്തിമമായി അംഗീകരിക്കേണ്ടത് ഗ്രാമ/വാർഡു സഭകളിലെ അംഗങ്ങളായ ആ പ്രദേശത്തെ ജനങ്ങളാണ്. പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച വിവരങ്ങൾ ആരായേണ്ടതും മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് തുടങ്ങിയവ നടത്തേണ്ടതും പ്രസ്തുതസഭകളുടെ ചുമതലയിൽപ്പെടുന്നു.

എന്നാൽ വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും താല്പര്യമില്ലാത്തതുകൊണ്ടും വിരലിലെണ്ണാവുന്ന ആളുകൾ മാത്രമേ ഗ്രാമ/വാർഡുകളിലെ യോഗങ്ങളിൽ സംബന്ധിക്കാറുള്ളൂ. ഇതുകാരണം ഈ സഭകളുടെ പ്രവർത്തനം നാമമാത്രമായിത്തീരുന്നു; നിയമാനുസൃതമായ ക്വാറംപോലും തികയ്ക്കാൻ സാധിക്കാതെ സമ്മേളിക്കുന്ന പ്രസ്തുതയോഗങ്ങളെല്ലാം വെറും പ്രഹസനങ്ങളായിത്തീരുന്നു. സംസ്ഥാന പദ്ധതിവിഹിതത്തിന്റെ ഇരുപതു മുതൽ മുപ്പതുവരെ ശതമാനം തുകകളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ചു നൽകിക്കൊണ്ടിരിക്കുന്നത്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും വരുന്ന കോടിക്കണക്കിനു രൂപയുടെ ഫലം ഉദ്ദേശിച്ചവരിലേക്ക് എത്തിച്ചേരുന്നില്ല. സ്വാധീനശക്തിയുള്ള ഏതാനുംപേരുടെ കൊടുകാര്യസ്ഥതയും രാഷ്ട്രീയവൽക്കരണവും അഴിമതിയും മൂലം വൻതുകകൾ ദുരുപയോഗിക്കപ്പെടുന്നു.

സജീവ പങ്കാളിത്തത്തിലൂടെ നീതി നടപ്പിലാക്കുവാൻ ലഭിക്കുന്ന ഇത്തരം അവസരങ്ങൾ അവഗണിക്കുന്ന ജനങ്ങൾ തന്നെ തങ്ങൾക്ക് സാമൂഹിക നീതിയും രാഷ്ട്രീയ നീതിയും ലഭിക്കുന്നില്ല എന്ന് മുറവിളി കൂട്ടുന്നതിൽ ഒരർത്ഥവുമില്ല. സഭയ്ക്ക് രാഷ്ട്രീയത്തിൽ കാര്യമില്ലെന്ന് പറഞ്ഞ് നാം ഒഴിഞ്ഞു മാറരുത്. ജനങ്ങളെ ബോധവല്ക്കരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുടെ ലഭ്യമാകുന്ന സാദ്ധ്യതകൾ അവർക്ക് മനസ്സിലാക്കിക്കൊടുത്ത്, സജീവമായ ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയ നീതി ഉറപ്പാക്കുന്ന ഒരു പ്രക്രിയ സഭയുടെ തന്നെ പ്രവർത്തനങ്ങളുടെ ഒരു ഭാഗമായിത്തീരണം.

ഗ്രാമ/വാർഡു സഭകളിലെ സജീവമായ പങ്കാളിത്തത്തിനു പുറമേ പദ്ധതി ആസൂത്രണത്തിനും മേൽനോട്ടത്തിനുമൊക്കെയായി പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വർക്കിങ്ങ് കമ്മിറ്റികൾ, മേഖലാപ്രവർത്തന ഗ്രൂപ്പുകൾ, ഉപസമിതികൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ഏതൊരു സാധാരണ പൗരനും സാധിക്കും. നിഷ്പക്ഷരായ, കഴിവും പ്രാഗത്ഭ്യവും പ്രതിബദ്ധതയുമുള്ളവരായ, വിദഗ്ധരും അനുഭവസമ്പന്നരുമായ പൗരന്മാർ നമ്മുടെ ഇടവകകളിൽ നിന്നും ഈ സമിതികളിലേയ്ക്ക് കടന്നുവരേണ്ടിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ കാര്യത്തിലും നാം ശ്രദ്ധിക്കേണ്ടതുണ്ട്. തിരഞ്ഞെടുപ്പു മുതൽ ഉണ്ടാകുന്ന അമിതമായ കക്ഷിരാഷ്ട്രീയത്തിന്റെ ഇടപെടലുകളും നിയന്ത്രണങ്ങളും കൂച്ചുവിലങ്ങുകളും ഒരു വശത്ത് ജനപ്രതിനിധികളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്ക് തടയിടുമ്പോൾ, പ്രതിബദ്ധതയിലായ്മ, സ്വാർത്ഥത, അഴിമതി, ജനങ്ങളോടുള്ള അവഗണന, അഹന്ത, കൂറുമാറ്റം തുടങ്ങിയവ പ്രാദേശിക ഭരണത്തെ ദുഷിപ്പിക്കുന്നു. ഇതിന്റെ ഫലമായി കൂടെകൂടെയുണ്ടാകുന്ന ഭരണമാറ്റത്തിനും അസ്ഥിരതയ്ക്കും നാമെല്ലാം സാക്ഷികളാണല്ലോ. പ്രാദേശിക ഭരണകൂടം ഭരണഘടന വിഭാവന ചെയ്യുന്നതുപോലെ ഒരു സ്വയംഭരണ സൽഭരണമാകണമെങ്കിൽ, ദീർഘവീക്ഷണവും കാര്യപ്രാപ്തിയും പ്രതിബദ്ധതയും മൂല്യബോധവുമുള്ള ഒരു നേതൃത്വനിര ഭരണരംഗത്തേക്ക് കടന്നുവരേണ്ടിയിരിക്കുന്നു. ഇപ്രകാരമൊരു നേതൃത്വനിരയെ വാർത്തെടുക്കുന്നതിൽ കാര്യമായ സംഭാവനകൾ നൽകാൻ സഭയ്ക്ക് സാധിക്കും. രഹസ്യ അജണ്ടയോ നിക്ഷിപ്ത താല്പര്യങ്ങളോ ഇല്ലാതെ ഭരണഘടന വിഭാവന ചെയ്യുന്ന മതേതര മുല്യങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടു തന്നെ കറകളഞ്ഞ ഒരു നേതൃത്വനിര വാർത്തെടുത്ത് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സുസ്ഥിതിക്കായി സമർപ്പിക്കുവാൻ സഭയ്ക്ക് കഴിയണം. ഇതിനായി മറ്റുസമുദായങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും അനുഭവസമ്പത്തും മാർഗ്ഗ നിർദ്ദേശങ്ങളും പ്രയോജനപ്പെടുത്താവുതാണ്.

**സഭയുടെ കർമ്മപരിപാടികൾ**

ജനറൽ അസംബ്ലിയിലും രൂപതാ തലങ്ങളിലും പലപ്രാവശ്യം ചർച്ച ചെയ്ത ശേഷം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഒന്നുകൂടി കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ കെ.ആർ.എൽ.സി.സി. ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഏതാനും ചില കർമ്മപരിപാടികളിവയാണ്:

1. സഭയിൽ നേതൃത്വ നിരയിൽ നിൽക്കുന്ന വൈദികർക്കും സന്യസ്തർക്കും അത്മായർക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെക്കുറിച്ച് വ്യക്തമായ അറിവു പകർന്നു നൽകുന്ന പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

2. ഗ്രാമ/വാർഡ് സഭകളിലും മറ്റു ജനകീയ സമിതികളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ബോധവൽക്കരണവും പ്രോത്സാഹനവും നൽകണം; ഈ സഭകളിലുള്ള ജനങ്ങളുടെ പങ്കാളിത്തം വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യണം. ഇതിനായി കുടുംബ കൂട്ടായ്മ ഇടവക, ഫൊറോന രൂപതാ തലങ്ങളിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നു.

ഗ്രാമസഭകളുടെ യോഗങ്ങളെക്കുറിച്ചും അവിടെ ഉന്നയിക്കേണ്ട പ്രശ്നങ്ങളെക്കുറിച്ചും കുടുംബകൂട്ടായ്മതലത്തിലും ഇടവക തലത്തിലും കാലേകൂട്ടി ചർച്ച ചെയ്യുവാനും പ്രസ്തുത പ്രശ്നങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് പഞ്ചായത്തുകളുടെ കർമപരിപാടികളിൽ ഉൾപ്പെടുത്തിയെന്ന് ഉറപ്പുവരുത്താനും ഇത്തരം സംവിധാനങ്ങൾ സഹായിക്കും. ഈ ലക്ഷ്യത്തോടെ ഇതു സംബന്ധമായ വിവരങ്ങൾ തക്കസമയത്ത് ഇടവകകളിലെ വിവിധ ശുശ്രൂഷാസംവിധാനങ്ങളെ അറിയിക്കുകയും കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

3. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും ബോധവൽക്കരണ പരിശീലനക്ലാസ്സുകൾ കൈകാര്യം ചെയ്യുവാനും കഴിവുറ്റ സമുദായ അംഗങ്ങളെ കണ്ടെത്തി അവരെ മുഖ്യ പരിശീലകരായി പരിശീലിപ്പിച്ചെടുത്ത് അവരുടെ സേവനം ഇടവകതലത്തിൽവരെ ഉറപ്പുവരുത്തുന്നു. ഓരോ ഇടവകയിൽ നിന്നും കുറഞ്ഞപക്ഷം രണ്ടോമൂന്നോ പേരെങ്കിലും ഈ ടീമിൽ ഉണ്ടായിരിക്കത്തക്ക വിധത്തിലാണ് ഈ തിരഞ്ഞെടുപ്പും പരിശീലനവും.

4. തദ്ദേശഭരണകൂടത്തിലെ വർക്കിങ്ങ് ഗ്രൂപ്പു തുടങ്ങി എല്ലാ ജനകീയ സമിതികളിലും കാര്യക്ഷമമായി പങ്കെടുക്കുവാൻ കഴിവും മനസ്സും സമയവുമുള്ളവരെ കണ്ടെത്തി അവരെ അവർ പ്രതിനിധീകരിക്കുന്ന തദ്ദേശഭരണകൂടത്തിലെ വിവിധ സമിതികളിൽ കാര്യക്ഷമമായി പങ്കാളികളാക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നു. ഒപ്പം ജനകീയ പ്രശ്നങ്ങളെയും പ്രാദേശിക അവസ്ഥകളെയും കണക്കിലെടുത്തുകൊണ്ട് ഇടപെടലുകൾ നടത്താൻ അവരെ പ്രോത്സാഹിപ്പിക്കുകയും ധാർമ്മിക പിന്തുണ നൽകുകയും ചെയ്യുന്നുണ്ട്.

5. 2010 സെപ്തംബർ മാസം നടക്കാൻ പോകുന്ന തദ്ദേശ ഭരണകൂടത്തിലേയ്ക്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളായി നിൽക്കാൻ കഴിവും താല്പര്യവും പ്രതിബദ്ധതയുമുള്ള വിവിധ ശുശ്രൂഷാ നേതൃത്വത്തിലുള്ളവരെ കണ്ടെത്തി അവർക്ക് വേണ്ട പരിശീലനം നൽകുകയും പൊതു പ്രവർത്തനമണ്ഡലത്തിലേയ്ക്ക് കൊണ്ടുവരുകയും സ്ഥാനാർത്ഥികളായി മത്സരിച്ച് ഭരണരംഗത്തേയ്ക്ക് വരാൻ വേണ്ട എല്ലാ പിൻബലവും പിന്തുണയും നൽകുന്നു.

6. തിരഞ്ഞെടുപ്പിനു ശേഷം തിരഞ്ഞെടുക്കപ്പെട്ടവരെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം അവരുടെ കഴിവുകളുടെ വികസനത്തിനും ഉത്തരവാദിത്വങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിനും ഗ്രാമ/വാർഡു സഭകളെ സജീവമാക്കുന്നതിനും വേണ്ട സഹകരണവും ഒത്താശയും നൽകുന്നു.

7. ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന പദ്ധതികൾ വേണ്ടവിധത്തിൽ നിയന്ത്രിക്കുകയും വിലയിരുത്തുകയും ഓരോ ഘട്ടത്തിലും ഒന്നുകൂടി മെച്ചമാക്കുവാനുള്ള തുടർ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്താൻ കെ.ആർ.എൽ.സി.സി. മുന്നോട്ടുവയ്ക്കുന്ന ഈ കർമ്മപരിപാടികൾക്ക് കേരളത്തിലെ ലത്തീൻ സമുദായാംഗങ്ങൾ ഏവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. ഈ പരിപാടികളൊക്കെ ഒരു യഥാർത്ഥ്യമായി കാണുവാൻ ആഗ്രഹിച്ച അഭിവന്ദ്യ ഡാനിയേൽ പിതാവ് ഇപ്പോൾ സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിക്കുന്നുവെന്ന ചിന്ത നമുക്ക് കൂടുതൽ ആത്മവിശ്വാസവും ആത്മധൈര്യവും പകർന്നുതരാൻ പോരുന്നതാണ്.

യേശുവിന്റെ പിറവിത്തിരുനാൾ സമുചിതമായി ആഘോഷിക്കുവാൻ നമ്മെ ഒരുക്കുന്ന ആഗമനകാലം ഇന്ന് ആരംഭിക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ക്രിസ്മസ് ബാഹ്യമായ ഒരു ആഘോഷപരിപാടി മാത്രമാകാതെ ആന്തരികമായ ഒരു അനുഭവമായിത്തീരണം. അതിനുവേണ്ടി ഒരുങ്ങുന്ന ഒരു കാലയളവാണിത്. വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ പറയുന്നതുപോലെ യേശു വെളിച്ചമായി ഈ ലോകത്തിൽ അവതരിച്ചു (cfr. യോഹ. 1, 5). വെളിച്ചം നൽകുകയും എല്ലാവരെയും വെളിച്ചമാക്കിത്തീർക്കുകയും ചെയ്യുകയായിരുന്നു മനുഷ്യാവതാരത്തിന്റെ ലക്ഷ്യം. "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയൊരു പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു" (മത്താ. 4, 16) എന്ന തിരുവചനങ്ങൾ കേരളത്തിലെ ലത്തീൻ സമുദായത്തെ സംബന്ധിച്ചും സന്മനസ്സുള്ള എല്ലാവരെ സംബന്ധിച്ചും എത്രയും വേഗം ഒരു യാഥാർത്ഥ്യമായിത്തീരട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം. സമുദായദിനത്തിന്റെ എല്ലാവിധ മംഗളങ്ങളും ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹാശ്ശിസുകളും നിങ്ങളേവർക്കും ആശംസിക്കുന്നു.

സ്നേഹത്തോടെ,

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**NB**: ഈ ഇടയലേഖനം 2009 നവംബർ മാസം 29-ാം തിയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.